**എ.വൈ.ആർ**

ബ്രഹ്മചര്യത്തെയും വിരക്ത ജീവിതത്തെയും ഇസ്‌ലാം വിലക്കിയിരിക്കുകയാണ്. അതു മനുഷ്യപ്രകൃതിക്ക് ഇണങ്ങുന്നതല്ല. പുരോഹിതരും സന്യാസികളും നടത്തുന്ന ആത്മീയ കേന്ദ്രങ്ങളിൽനിന്ന് ലൈംഗികാതിക്രമങ്ങളുടെയും അനാശാസ്യ നടപടികളുടെയും വാർത്തകൾ നിരന്തരം വന്നുകൊണ്ടിരിക്കുന്നത് അതിന്റെ തെളിവാകുന്നു.



وَأَنْكِحُوا الْأَيَامَىٰ مِنْكُمْ وَالصَّالِحِينَ مِنْ عِبَادِكُمْ وَإِمَائِكُمْ ۚ إِنْ
يَكُونُوا فُقَرَاءَ يُغْنِهِمُ اللَّهُ مِنْ فَضْلِهِ ۗ وَاللَّهُ وَاسِعٌ عَلِيمٌ ﴿٣٢﴾

**32.** നിങ്ങളിൽ ഭാര്യയോ ഭർത്താവോ ഇല്ലാതെ കഴിയുന്ന സ്വതന്ത്രരായ സ്ത്രീപുരുഷന്മാരെയും അടിമകളായ സ്ത്രീപുരുഷന്മാരിൽ യോഗ്യരായവരെയും നിങ്ങൾ വിവാഹം ചെയ്തുകൊടുക്കേണ്ടതാകുന്നു. അവർ ദരിദ്രരാണെങ്കിൽ അല്ലാഹു അവന്റെ അനുഗ്രഹത്താൽ ക്ഷേമമരുളുമെന്ന് പ്രതീക്ഷിക്കുക. അല്ലാഹു അതിവിശാലനും സർവജ്ഞനുമല്ലോ.

**32**

وَأَنْكِحُوا = നിങ്ങൾ വിവാഹം ചെയ്തുകൊടുക്കുവിൻ

الْأَيَامَىٰ مِنْكُمْ = നിങ്ങളിൽനിന്നുള്ള വിധവകളെ (ഭാര്യയോ ഭർത്താവോ ഇല്ലാതെ കഴിയുന്ന സ്വതന്ത്രരായ സ്ത്രീപുരുഷന്മാരെ)

وَالصَّالِحِينَ = സദ്‌വൃത്ത(വിവാഹയോഗ്യരായവ)രെയും

مِنْ عِبَادِكُمْ وَإِمَائِكُمْ = നിങ്ങളുടെ അടിമകളിൽനിന്നും അടിമസ്ത്രീകളിൽനിന്നും

إِنْ يَكُونُوا فُقَرَاءَ = അവർ ദരിദ്രരാണെങ്കിൽ

يُغْنِهِمُ اللَّهُ = അല്ലാഹു അവർക്കു ക്ഷേമമരുളും (എന്നു പ്രതീക്ഷിക്കുക)

مِنْ فَضْلِهِ = അവന്റെ അനുഗ്രഹത്തിൽനിന്ന്

وَاللَّهُ وَاسِعٌ = അല്ലാഹു അതിവിശാല(നും)നാകുന്നു

عَلِيمٌ = സർവജ്ഞനായ(നുമാകുന്നു)

**അ**വിഹിതമായ ലൈംഗിക വേഴ്ചയുടെ എല്ലാ വഴികളും നിരോധിച്ച ശേഷം വിഹിതമായ ദാമ്പത്യബന്ധത്തെ പ്രോത്സാഹിപ്പിക്കുകയാണ്. പ്രപഞ്ചത്തിൽ എല്ലാം ഇണകളായിട്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. وَمِنْ كُلِّ شَيْءٍ خَلَقْنَا زَوْجَيْنِ لَعَلَّكُمْ تَذَكَّرُونَ (എല്ലാ വസ്തുക്കളെയും നാം ഇണകളായി സൃഷ്ടിച്ചിരിക്കുന്നു; നിങ്ങൾ ചിന്തിച്ചു ഗ്രഹിക്കുന്നതിന് – *അദ്ദാരിയാത്ത്:* 49).

سُبْحَانَ الَّذِي خَلَقَ الْأَزْوَاجَ كُلَّهَا مِمَّا تُنْبِتُ الْأَرْضُ وَمِنْ أَنْفُسِهِمْ وَمِمَّا لَا يَعْلَمُونَ

(ഭൂമിയിൽ മുളച്ചുവളരുന്ന സസ്യലതാദികളിലും അവരിൽ -മനുഷ്യരിൽ-തന്നെയും അവർക്കറിയാത്ത മറ്റു സൃഷ്ടികളിലൊക്കെയും ഇണകളെ സൃഷ്ടിച്ചവൻ പരമപരിശുദ്ധനാകുന്നു–36:36). ഇണകളുടെ പാരസ്പര്യത്തിലൂടെയാണ് ജൈവവസ്തുക്കളെല്ലാം വംശം നിലനിർത്തുന്നതും വൃദ്ധി തേടുന്നതും. മനുഷ്യനൊഴിച്ചുള്ള സകല സൃഷ്ടികളുടെയും ഇണചേരലിന്റെ ലക്ഷ്യം വംശം നിലനിർത്തുക മാത്രമാകുന്നു. പ്രകൃതി നിശ്ചയിച്ച രീതിയിൽ അവ ആ ധർമം നിറവേറ്റിക്കൊണ്ടിരിക്കുന്നു. ജന്തുസഹജമായ ചോദനയിലപ്പുറം മറ്റു പ്രേരണകളൊന്നും അവയുടെ ലൈംഗിക വൃത്തിക്കില്ല. ഓരോന്നിന്റെയും മൈഥുനകാലത്ത് അടുത്തുകിട്ടുന്ന ഏതു സഹജീവിയുമായും, അത് അമ്മയാവാം, അഛനാവാം, മകളാവാം, മകനാവാം, സഹോദരിയാവാം-അവ ഇണചേരുന്നു. എന്നാൽ മനുഷ്യന്റെ ഇണചേരലിന് സുദൃഢമായ ചില നിയമങ്ങളും നിബന്ധനകളുമുണ്ട്. ഒരുവന് ഇണചേരാൻ അനു

വദിക്കപ്പെട്ടവരുമായി മാത്രമേ ഇണചേരാവൂ. പങ്കാളികൾ ഭാര്യാഭർത്താക്കളായി പരസ്പരം സഹകരിച്ചും സംരക്ഷിച്ചും കുടുംബജീവിതം നയിക്കണം. അവരിൽ ജനിക്കുന്ന സന്തതികളെ ഉത്തരവാദിത്തത്തോടെ സംരക്ഷിക്കണം. മാതാപിതാക്കൾക്കു പ്രായമായാൽ അവരെ മക്കൾ സംരക്ഷിക്കണം. ഇസ്‌ലാം ഇണചേരലിന് അനുശാസിച്ച നിയമങ്ങൾക്ക് തിര്യക്കുകളുടെ മൈഥുനത്തിന് ഇല്ലാത്ത മഹത്തായ ലക്ഷ്യങ്ങളുണ്ട്. വംശം വർധിപ്പിക്കുക എന്നതിനപ്പുറം വർധിക്കുന്ന വംശത്തെ സ്നേഹസഹകരണങ്ങളിലധിഷ്ഠിതമായ ബന്ധങ്ങളാൽ ഒന്നിപ്പിച്ച് മാനവിക സമൂഹമാക്കുകയും അവർ തങ്ങളുടെ സ്രഷ്ടാവായ ദൈവത്തെ അറിയുകയും ആരാധിക്കുകയും ഭൂമിയിൽ നിർമാണപ്രവർത്തങ്ങൾ നടത്തുകയും സംസ്കാര-നാഗരികതകൾ കെട്ടിപ്പടുത്തുകൊണ്ട് നിരന്തരം വികസിച്ചുകൊണ്ടിരിക്കുകയും ചെയ്യുക എന്നതാണാ ലക്ഷ്യങ്ങൾ. സമൂഹത്തിന്റെ അടിസ്ഥാന യൂനിറ്റാണ് കുടുംബം. ദൈവബോധം, സ്നേഹം, ക്ഷമ, ദയ, ത്യാഗബുദ്ധി, സേവനമനസ്സ്, വിജ്ഞാനതാൽപര്യം, സത്യസന്ധത, ധർമബോധം, സൽസ്വഭാവം തുടങ്ങിയ സദ്ഗുണങ്ങളുടെയെല്ലാം പ്രഥമ സ്രോതസ്സ് കുടുംബമാണ്. കുടുംബത്തിന്റെ അടിത്തറ ദാമ്പത്യബന്ധമാണ്. വിവാഹത്തിലൂടെയാണ് ദാമ്പത്യം സ്ഥാപിതമാകുന്നത്. തിര്യക്കുകൾക്ക് ഇത്തരം ജീവിത ധർമങ്ങളൊന്നുമില്ല. അവ പ്രകൃതിയുടെ നിയമമനുസരിച്ച് ജനിക്കുന്നു, ജീവിക്കുന്നു, മരിക്കുന്നു. സമൂഹമായി സംഘടിക്കുകയും സ്വന്തമായ നിയമങ്ങളുണ്ടാക്കുകയും സംസ്കാരവും നാഗരികതയും വികസിപ്പിക്കുകയുമൊക്കെ മനുഷ്യന്റെ മാത്രം ധർമമാകുന്നു. ദാമ്പത്യവും കുടുംബവുമൊന്നുമില്ലാതെ അനിയന്ത്രിതമായ ലൈംഗികവേഴ്ചയിലൂടെ മാതാക്കൾക്കും പിതാക്കൾക്കും ഉത്തരവാദിത്തമില്ലാത്ത സന്തതികൾ സൃഷ്ടിക്കപ്പെടുന്ന സാഹചര്യത്തിൽ ആരോഗ്യകരമായ സാമൂഹിക ബന്ധങ്ങളും സംസ്കാര-നാഗരികതകളുടെ വികാസവും അസാധ്യമാകുന്നു.

മനുഷ്യന് അവന്റെ ജീവിതദൗത്യം സാക്ഷാത്കരിക്കുന്നതിനാവശ്യമായ ചോദനകളും കഴിവുകളും ദൈവം കനിഞ്ഞരുളിയിരിക്കുന്നു. പ്രഥമമായി മനുഷ്യബന്ധങ്ങളുടെ രണ്ടു ചാലുകൾ കീറി. ഒന്ന് രക്തബന്ധത്തിന്റേതും മറ്റേത് വിവാഹബന്ധത്തിന്റേതും. وَهُوَ الَّذِي خَلَقَ مِنَ الْمَاءِ بَشَرًا فَجَعَلَهُ نَسَبًا وَصِهْرًا (അവനാകുന്നു ജലത്തിൽനിന്ന് മനുഷ്യനെ സൃഷ്ടിച്ചത്. എന്നിട്ടവന് രക്തബന്ധത്തിന്റേതും ദാമ്പത്യത്തിന്റേതുമായ രണ്ടു ബന്ധങ്ങളുണ്ടാക്കിക്കൊടുത്തു-25:54). ദാമ്പത്യം മനുഷ്യൻ സ്വയം കണ്ടുപിടിച്ച ഒരു ബന്ധമല്ല; ദൈവം നേരിട്ടു നിശ്ചയിച്ചതാണ് എന്നർഥം. തിര്യക്കുകളിലും ലൈംഗിക ബന്ധമുണ്ടെങ്കിലും അത് ദാമ്പത്യത്തിലേക്കോ കുടുംബത്തിലേക്കോ വഴിതെളിക്കുന്നില്ല. ദാമ്പത്യബന്ധം ആദിമ മനുഷ്യൻ മുതലേ ആരംഭിച്ചിട്ടുള്ളതാണ്:

يَا أَيُّهَا النَّاسُ اتَّقُوا رَبَّكُمُ الَّذِي خَلَقَكُمْ مِنْ نَفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالًا كَثِيرًا وَنِسَاءً ۚ وَاتَّقُوا اللَّهَ الَّذِي تَسَاءَلُونَ بِهِ وَالْأَرْحَامَ ۚ إِنَّ اللَّهَ كَانَ عَلَيْكُمْ رَقِيبًا

(അല്ലയോ മർത്യരേ, വിധാതാവിനെ ഭയപ്പെടുവിൻ. ഒരേയൊരാത്മാവിൽനിന്ന് നിങ്ങളെ സൃഷ്ടിക്കുകയും അതിൽനിന്നുതന്നെ അതിന്റെ ഇണയെയും സൃഷ്ടിക്കുകയും അവ രണ്ടിൽനിന്നുമായി പെരുത്തു സ്ത്രീപുരുഷന്മാരെ ലോകത്തു പരത്തുകയും ചെയ്തവനത്രെ അവൻ. ആരെ സാക്ഷിയാക്കിയാണോ നിങ്ങൾ പരസ്പരം അവകാശങ്ങൾ ചോദിക്കുന്നത് ആ അല്ലാഹുവിനെ ഭയപ്പെടുവിൻ. കുടുംബബന്ധങ്ങൾ ശിഥിലമാകാതെ സൂക്ഷിക്കുവിൻ. അല്ലാഹു നിങ്ങളെ സദാ നിരീക്ഷിക്കുന്നുവെന്ന് കരുതിയിരിക്കുക-4:1). ദാമ്പത്യം അല്ലാഹു ആവിഷ്കരിച്ചുകൊടുത്തതാണെന്നു വ്യക്തമാക്കിയതിനു പുറമെ അല്ലാഹുവിനോടു ഭക്തിയുള്ളവരായിരിക്കുന്നതോടൊപ്പം കുടുംബബന്ധങ്ങൾ സംരക്ഷിക്കണമെന്നും പ്രസ്താവിച്ചത് ഏറെ ശ്രദ്ധേയമാകുന്നു. കുടുംബ ശിഥിലീകരണം സത്യനിഷേധികളുടെ സ്വഭാവമാണെന്നും അതുവഴി ഭൂമിയിൽ നാശം പരക്കുമെന്നും ഖുർആൻ ആവർത്തിച്ചു പറയുന്നുണ്ട്. ഉദാ:

الَّذِينَ يَنْقُضُونَ عَهْدَ اللَّهِ مِنْ بَعْدِ مِيثَاقِهِ وَيَقْطَعُونَ مَا أَمَرَ اللَّهُ بِهِ أَنْ يُوصَلَ وَيُفْسِدُونَ فِي الْأَرْضِ ۚ أُولَٰئِكَ هُمُ الْخَاسِرُونَ

(അല്ലാഹുവുമായുള്ള പ്രതിജ്ഞ ഉറപ്പിച്ച ശേഷം ലംഘിക്കുകയും അല്ലാഹു കൂട്ടിച്ചേർക്കാൻ കൽപ്പിച്ച ബന്ധങ്ങൾ ഛേദിക്കുകയും ഭൂമിയിൽ നാശമുണ്ടാക്കുകയും ചെയ്യുന്ന ധിക്കാരികൾ തീർച്ചയായും ജീവിതം നഷ്ടപ്പെടുത്തിയവർ തന്നെയാകുന്നു-2:27). ദൈവഭക്തിയുള്ളവരും മോശപ്പെട്ട പരലോക വിചാരണയെ ഭയപ്പെടുന്നവരും സദ്ബുദ്ധിയുള്ളവരും കുടുംബ ബന്ധങ്ങൾ സംരക്ഷിക്കുന്നവരായിരിക്കുമെന്നും ഖുർആൻ പറയുന്നു:

وَالَّذِينَ يَصِلُونَ مَا أَمَرَ اللَّهُ بِهِ أَنْ يُوصَلَ وَيَخْشَوْنَ رَبَّهُمْ وَيَخَافُونَ سُوءَ الْحِسَابِ

(അവർ അല്ലാഹു സംരക്ഷിക്കാൻ കൽപിച്ച ബന്ധങ്ങൾ സംരക്ഷിക്കുകയും വിധാതാവിനോടു ഭയഭക്തി പുലർത്തുകയും മോശപ്പെട്ട പരലോക വിചാരണയെ ഭയപ്പെടുകയും ചെയ്യുന്നവരാകുന്നു-13:21). കുടുംബബന്ധങ്ങളുടെ സംരക്ഷണവും ദൈവഭക്തിയും പരലോക വിചാരവുമെല്ലാം പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നുവെന്നാണ് ഈ സൂക്തങ്ങൾ സൂചിപ്പിക്കുന്നത്.

കുടുംബ ബന്ധങ്ങൾ സംരക്ഷിക്കാൻ കൽപിക്കുക മാത്രമല്ല അല്ലാഹു ചെയ്തിരിക്കുന്നത്. ആ കൽപന നിറവേറ്റാൻ സഹായകമായ വികാരങ്ങളും ചോദനകളും കൂടി അവൻ മനുഷ്യനു നൽകിയിരിക്കുന്നു:

وَمِنْ آيَاتِهِ أَنْ خَلَقَ لَكُمْ مِنْ أَنْفُسِكُمْ أَزْوَاجًا لِتَسْكُنُوا إِلَيْهَا وَجَعَلَ بَيْنَكُمْ مَوَدَّةً وَرَحْمَةً ۚ إِنَّ فِي ذَٰلِكَ لَآيَاتٍ لِقَوْمٍ يَتَفَكَّرُونَ

(നിങ്ങൾക്ക് സ്വജാതിയിൽനിന്നുതന്നെ ഇണകളെ സൃഷ്ടിച്ചുതന്നതും-അവരുടെ സാന്നിധ്യത്തിൽ നിങ്ങൾ ശാന്തി നുകരാൻ-നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കിത്തന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാകുന്നു. തീർച്ചയായും ചിന്തിക്കുന്ന ജനത്തിന് അതിൽ ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്-*അർറൂം* 21). ദമ്പതികളുടെ

ളുടെ വ്യക്തിസ്വാതന്ത്ര്യത്തിന്റെ കൂടി പ്രശ്നമാണല്ലോ. മറ്റുള്ളവർക്ക് അതിൽ ഇടപെടുന്നതിനു പരിമിതിയുണ്ട്. വിവാഹം ചെയ്തുകൊടുക്കുവിൻ എന്നത് നിർബന്ധമായ നിയമവിധിയാണെന്നു വന്നാൽ യുവതീയുവാക്കളുടെ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ പരിഗണിക്കാതെ അത് ചെയ്യേണ്ടിവരും. അതു ശരീഅത്ത് ഉദ്ദേശിച്ചിട്ടില്ല. വിവാഹയോഗ്യരായ സ്ത്രീപുരുഷന്മാരെ അതിനുവേണ്ടി പ്രേരിപ്പിക്കുകയും സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യേണ്ടതാണ് എന്നാണ് വചനതാൽപര്യം. വിവാഹം യഥാസമയം നടക്കാതിരിക്കാൻ പല കാരണങ്ങളുണ്ടാവാം. അതിലൊന്ന് പുരുഷന്റെയും സ്ത്രീയുടെയും ദാരിദ്ര്യമാണ്. ജീവിതം എങ്ങനെ മുന്നോട്ടുകൊണ്ടുപോകും എന്ന ഭയം. സാമ്പത്തിക പ്രയാസങ്ങളുടെ പേരിൽ വിവാഹം വർജിക്കരുത്. തൽക്കാലം വിവാഹം ചെയ്യുന്നതിന് തടസ്സമില്ലെങ്കിൽ ഭാവിയിൽ വരാവുന്ന പങ്കപ്പാടുകളോർത്ത് പിന്മാറേണ്ടതില്ല. സർവശക്തനായ അല്ലാഹു ഒരുപക്ഷേ നാളെ നിങ്ങളെ സമ്പന്നനാക്കിയെങ്കിലോ. സൗന്ദര്യവും കുടുംബമഹിമയും ആദർശവുമൊക്കെ കടമ്പകളാകാറുണ്ട്. ഇതൊക്കെ യുവജനങ്ങൾ കാംക്ഷിക്കുന്നതും കാംക്ഷിക്കാവുന്നതുമായ കാര്യങ്ങൾ തന്നെയാണ്. ഇക്കൂട്ടത്തിൽ മുൻഗണന നൽകേണ്ടത് ആദർശപരമായ, ദീനീയായ യോജിപ്പാണെന്ന് നബി (സ) പ്രസ്താവിച്ചിരിക്കുന്നു. ഇതൊഴിച്ച് മറ്റു കാര്യങ്ങളെച്ചൊല്ലി വിവാഹത്തിൽനിന്ന് മാറിനിൽക്കുന്നത് മുസ്‌ലിംകളായ സ്ത്രീപുരുഷന്മാർക്ക് ഭൂഷണമല്ല. സ്ത്രീധനം, കുടുംബ മഹിമ, ജാതിവിവേചനം, ജാതക ദോഷം തുടങ്ങിയ അന്ധവിശ്വാസങ്ങളും ചിലപ്പോൾ വിവാഹത്തിനു പ്രതിബന്ധമാവാറുണ്ട്. ഇത്തരം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിർമാർജനം ചെയ്ത് യുവതീയുവാക്കളുടെ വിവാഹം സുഗമമാക്കാനുള്ള പരിശ്രമവും أَنْكِحُوا എന്ന കൽപന നടപ്പിലാക്കുന്നതിന്റെ ഭാഗമാകുന്നു. ഭർത്താവും ഭാര്യയും ഇല്ലാത്ത സ്ത്രീപുരുഷന്മാരെ വിവാഹം ചെയ്യിക്കുക എന്നാണ് നിർദേശം. ഈ സ്ത്രീപുരുഷന്മാർ മറ്റു മതസ്ഥരായാലും ഈ ഉത്തരവാദിത്തത്തിൽ മാറ്റമില്ല. ഒരു ബഹുമത സമൂഹത്തിൽ അവിവാഹിതരുടെ ആധിക്യം-അവർ ഏതു മതത്തിൽപെട്ടവരായാലും-പൊതുസമൂഹത്തിന്റെ ധാർമിക-സദാചാര നിലവാരത്തെ പ്രതികൂലമായി ബാധിക്കും. അതിനാൽ സമൂഹത്തിലെ അവിവാഹിതർ ഏതു മതത്തിൽപെട്ടവരായാലും അവരെ വിവാഹിതരാകാൻ പ്രേരിപ്പിക്കേണ്ടതും സഹായിക്കേണ്ടതും മുസ്‌ലിംകളുടെ കടമയാകുന്നു. الْأَيَامَىٰ مِنكُمْ (നിങ്ങളിൽനിന്നുള്ള അവിവാഹിതർ) എന്നതിലെ 'നിങ്ങളിൽനിന്നുള്ള- مِنكُمْ -എന്ന വാക്ക് മുസ്‌ലിംകൾ വിവാഹം ചെയ്തുകൊടുക്കാൻ ബാധ്യസ്ഥരാകുന്നത് അവരുടെ സമുദായക്കാരായ അവിവാഹിതരെ മാത്രമാണ് എന്ന് സൂചിപ്പിക്കുന്നതായി ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. 31-ാം സൂക്തത്തിൽ أَوْ نِسَائِهِنَّ -അവരുടെ സ്ത്രീകൾ -എന്നു പറഞ്ഞിട്ടുള്ളത് അവരുമായി അടുത്തു പെരുമാറുന്ന സ്ത്രീവർഗത്തിൽപെട്ടവർ എന്ന അർഥത്തിലാണെന്ന് പ്രഗത്ഭരായ പണ്ഡിതന്മാർ വ്യാഖ്യാനിച്ചിരിക്കുന്നു. അതുപോലെ, നിങ്ങളുമായി അടുത്തു പെരുമാറുന്നവർ എന്നാണ് ഇവിടെ നിങ്ങളിൽനിന്നുള്ളവർ എന്നതുകൊണ്ടുദ്ദേശ്യം. മറ്റു മതങ്ങളിൽപെട്ടവർക്ക് ഭക്ഷണവും വസ്ത്രവും നൽകേണ്ടത് ദൈവസിദ്ധമായ ഈ സ്നേഹ കാരുണ്യങ്ങൾ മക്കളിലേക്കും അവരിൽനിന്ന് ഇതര കുടുംബാംഗങ്ങളിലേക്കും അവരിലൂടെ മുഴുവൻ സമൂഹത്തിലേക്കും വ്യാപിക്കുമ്പോഴാണ് സ്നേഹസമ്പന്നവും സഹകരണാത്മകവും സമാധാനദായകവുമായ സമൂഹം സംജാതമാകുന്നത്. സ്നേഹ കാരുണ്യങ്ങളും സഹകരണ ബോധവുമില്ലെങ്കിലും ഇണചേരൽ നടക്കും. അതുവഴി സന്തതികളുൽപാദിപ്പിക്കപ്പെടുകയും ചെയ്യും. പക്ഷേ, ആ സന്തതികൾ ജീവിതം സംസ്കരിക്കാനും നാഗരികത കെട്ടിപ്പടുക്കാനും പര്യാപ്തമായ മാനവിക സമൂഹമായി പരിണമിക്കുകയില്ല. ഓരോ വ്യക്തിയുടെയും ജനനത്തോടെ തന്നെ സ്നേഹകാരുണ്യങ്ങളുടെയും സേവനത്തിന്റെയും ത്യാഗത്തിന്റെയും, പാഠങ്ങളും പരിശീലനങ്ങളും ലഭിച്ചുതുടങ്ങുന്നു. തിര്യക്കുകൾ ജനിച്ച് ഏതാനും നാളുകൾക്കകം സ്വയം ജീവിച്ചുതുടങ്ങുന്നു. പിന്നെ അവ തങ്ങളുടെ മാതാപിതാക്കളെ അറിയുന്നില്ല. മാതാപിതാക്കൾ അവരെയും അറിയുന്നില്ല. എന്നാൽ മനുഷ്യൻ ജനിക്കുന്നത് തികച്ചും നിസ്സഹായനായിട്ടാണ്. ഒന്നോ രണ്ടോ മാസങ്ങളല്ല വർഷങ്ങൾതന്നെ കഴിഞ്ഞാലും മാതാപിതാക്കളുപേക്ഷിച്ചാൽ അവന് ജീവിക്കാനാവില്ല. പ്രപഞ്ചത്തിൽ മറ്റൊരു ജീവിയുടെയും മക്കൾക്ക് ഇത്ര അവശവും പരാശ്രിതവുമായ ശൈശവമില്ല. കാലിട്ടടിച്ചു കരയാൻ മാത്രമറിയുന്ന ശിശുവിനെ മനുഷ്യനാക്കുന്നത് മാതാപിതാക്കളുടെ അനേക വർഷത്തെ അതിജാഗ്രതയോടെയുള്ള സ്നേഹ പരിചരണമാണ്. മനുഷ്യനു മാത്രം ദൈവം ഈ വിധത്തിലുള്ള സുദീർഘമായ ശൈശവ-ബാല്യങ്ങൾ നൽകിയിരിക്കുന്നത് തുടക്കം മുതലേ അവന്റെ വ്യക്തിത്വത്തിലുള്ള സ്നേഹകാരുണ്യങ്ങളും മറ്റു മാനുഷിക ഗുണങ്ങളും വികസ്വരമാക്കുന്നതിനു വേണ്ടിയാണ്.

വിവാഹം ഓരോ വ്യക്തിയുടെയും ജൈവികമായ ഒരാവശ്യമാണ്. ലൈംഗികമായ അസംതൃപ്തി ജീവിതത്തെ അസ്വസ്ഥമാക്കുന്നു. അത് അവനെ/അവളെ കാണരുതാത്തത് കാണാനും കേൾക്കരുതാത്തത് കേൾക്കാനും ചെയ്തുകൂടാത്തത് ചെയ്യാനും പ്രേരിപ്പിക്കുന്നു. അപ്പോൾ രതിസുഖത്തിന്റെ ഉത്തമ ലക്ഷ്യങ്ങളെല്ലാം പാഴായിപ്പോകുന്നു. ഈ ദോഷം തടയാനുള്ള മാർഗമാണ് വിവാഹവും കുടുംബജീവിതവും. ആണായാലും പെണ്ണായാലും വിവാഹയോഗ്യരായിക്കഴിഞ്ഞാൽ വിവാഹിതരാകണമെന്നാണ് ശരീഅത്ത് താൽപര്യപ്പെടുന്നത്. യുവജനങ്ങൾക്ക് വിവാഹിതരാകാനുള്ള സൗകര്യം ഒരുക്കിക്കൊടുക്കേണ്ടത് സമൂഹത്തിന്റെ കടമയാണെന്ന് ഉദ്ബോധിപ്പിക്കുകയാണ് പ്രകൃത സൂക്തം. മൂലത്തിലെ 'അയാമാ' 'അയ്യിമി'ന്റെ ബഹുവചനമാണ്. പ്രചുരമായ അർഥത്തിൽ 'അയ്യിം' വിധവയാണ്. അവിവാഹിതരായിക്കഴിയുന്ന സ്ത്രീപുരുഷന്മാരെ പൊതുവായി ഉദ്ദേശിച്ചും ഈ പദം ഉപയോഗിക്കാറുണ്ട്. ഈ സന്ദർഭത്തിൽ ഉദ്ദേശ്യം അതാണ്. മുസ്‌ലിം സമൂഹത്തിൽ വിവാഹത്തിനുള്ള പ്രായവും മറ്റു യോഗ്യതകളും തികഞ്ഞിട്ടും അവിവാഹിതരായിക്കഴിയുന്ന യുവതീയുവാക്കളുണ്ടാവരുത്. അത്തരക്കാരെ കല്യാണം കഴിപ്പിക്കേണ്ടതുണ്ട്. أَنْكِحُوا-നിങ്ങൾ വിവാഹം ചെയ്തുകൊടുക്കണം- എന്നത് നിർബന്ധമായ നിയമവിധിയാണോ അതല്ല ധാർമിക ഉത്തരവാദിത്തമാണോ എന്നൊരു ചർച്ചയുണ്ട്. ധാർമിക ഉത്തരവാദിത്തമാണ് എന്ന വീക്ഷണമാകുന്നു കൂടുതൽ പ്രബലമായിട്ടുള്ളത്. വിവാഹം, അത് ചെയ്യുന്ന കക്ഷികളുടെ വ്യക്തിസ്വാതന്ത്ര്യത്തിന്റെ കൂടി പ്രശ്നമാണല്ലോ.

എത്രത്തോളം ഇസ്‌ലാമിക ധർമമാണോ അത്രത്തോളം തന്നെ ധർമമാണ് അവർക്ക് ജീവിതത്തിന്റെ അടിസ്ഥാനാവശ്യമായ ദാമ്പത്യം സാധ്യമാക്കിക്കൊടുക്കലും. ഒരു ബഹുമത സമൂഹത്തിൽ ഇസ്‌ലാമിനോട് വൈരം പ്രഖ്യാപിക്കാതെ സൗഹാർദത്തിൽ വർത്തിക്കുന്നവർ ഏതു മതവിഭാഗത്തിൽ പെട്ടവരായാലും മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം അവരെല്ലാം തങ്ങളിൽപെട്ടവരാകുന്നു. കേരളത്തിലെ മുസ്‌ലിം സംഘടനകളും സ്ഥാപനങ്ങളും നടത്തിവരുന്ന സമൂഹവിവാഹങ്ങളിൽ വിവിധ മതവിഭാഗങ്ങളിൽപെട്ട യുവതീയുവാക്കൾക്കു നൽകിവരുന്ന പ്രാതിനിധ്യം ഈ സൂക്തത്തിലെ وَأَنكِحُوا الْأَيَامَىٰ مِنكُمْ എന്ന നിർദേശത്തിന്റെ പ്രയോഗവത്കരണം തന്നെയാകുന്നു. വിമതസ്ഥരെ മാത്രമല്ല, അടിമത്ത സമ്പ്രദായം നിലനിൽക്കുന്നുവെങ്കിൽ അവിവാഹിതരായ അടിമകളെയും കല്യാണം കഴിപ്പിക്കണം, അവർ അതിനു യോഗ്യരാണെങ്കിൽ. وَالصَّالِحِينَ مِنْ عِبَادِكُمْ وَإِمَائِكُمْ (നിങ്ങളുടെ അടിമകളിൽനിന്നും അടിമ സ്ത്രീകളിൽനിന്നുമുള്ള സ്വാലിഹുകളെയും) എന്നാണ് മൂലവാക്യം. സദ്‌വൃത്തർ, സന്മാർഗികൾ എന്ന അർഥത്തിലാണ് صالحون ഖുർആൻ അധികവും ഉപയോഗിച്ചിട്ടുള്ളത്. ഇവിടെയും അതാണർഥമെന്ന് ചില പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്. ഇവിടെ ഉദ്ദേശ്യം ദാമ്പത്യജീവിതം നയിക്കാനുള്ള യോഗ്യതയാണെന്നാണ് പ്രബലമായ പക്ഷം. ഭാര്യയെ സംരക്ഷിക്കാനും തൃപ്തിപ്പെടുത്താനുമുള്ള ശാരീരികവും മാനസികവുമായ കഴിവും സംസ്കാരവുമാണ് വിവാഹത്തിന്റെ മുഖ്യ യോഗ്യത. ഒരു പെൺകുട്ടിയെ കെട്ടിച്ചുകൊടുത്താൽ ആ പെൺകുട്ടിയുടെ, അല്ലെങ്കിൽ ഒരാണിന് ഏൽപിച്ചുകൊടുത്താൽ ആ പുരുഷന്റെ ജീവിതം ദുരിതത്തിലാകുമെന്ന് കണ്ടാൽ അത്തരക്കാരെ വിവാഹത്തിനു പ്രേരിപ്പിച്ചുകൂടാ. ഈ നിബന്ധന അടിമകളല്ലാത്തവർക്കും ബാധകമാകുന്നു. എന്നാൽ സാമ്പത്തികമായ അപര്യാപ്തത മാത്രം പരിഗണിച്ചുകൊണ്ട് ആരെയും വിവാഹത്തിൽനിന്ന് പിന്തിരിപ്പിക്കരുത്. ആരും സ്വയം പിന്തിരിയുകയുമരുത്. സാമ്പത്തിക സ്ഥിതി അസ്ഥിരമാണ്. ഇന്നത്തെ ദരിദ്രൻ നാളെ ദൈവാനുഗ്രഹത്താൽ സമ്പന്നനാവാം എന്ന പ്രതീക്ഷയോടെ മുന്നോട്ടു പോവുകയാണ് വേണ്ടത്. ഇതാണ് إِنْ يَكُونُوا فُقَرَاءَ يُغْنِهِمُ اللَّهُ مِنْ فَضْلِهِ എന്ന വാക്യത്തിന്റെ താൽപര്യം. ഈ പ്രതീക്ഷയെ ബലപ്പെടുത്തുന്ന സുവിശേഷമാണ് وَاللَّهُ وَاسِعٌ عَلِيمٌ എന്ന വാക്യം. وسعة -ൽനിന്നുള്ള കർതൃപദമാണ് واسع. വിശാലമായവൻ എന്ന് ഭാഷാർഥം. ഖുർആൻ واسع എന്ന വിശേഷണം പൊതുവിൽ ഉപയോഗിച്ചിട്ടുള്ളത് അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെയും ഔദാര്യത്തിന്റെയും പെരുപ്പത്തെ വർണിക്കാനാണ്. അതിന്റെ കൂടെ അല്ലാഹുവിന്റെ ജ്ഞാനത്തെ പരാമർശിക്കുന്നതായും കാണാം. ഉദാ: وَإِنْ يَتَفَرَّقَا يُغْنِ اللَّهُ كُلًّا مِنْ سَعَتِهِ ۚ وَكَانَ اللَّهُ وَاسِعًا حَكِيمًا (ഇനി ദമ്പതികൾ വേർപിരിയുകതന്നെയാണെങ്കിൽ അപ്പോൾ അല്ലാഹു അവന്റെ വിശാലധന്യതയാൽ ഓരോരുത്തരെയും പരാശ്രയമുക്തരാക്കുന്നതാകുന്നു. അല്ലാഹുവിന്റെ ഔദാര്യം അപാരമല്ലോ. അവൻ അഭിജ്ഞനുമല്ലോ-4:130). അതായത് ക്ഷേമൈശ്വര്യങ്ങളുടെ ഖജനാവ് അല്ലാഹുവിന്റെ കൈവശമാണ്. ദൈവദാസന്മാരോടുള്ള അവന്റെ അനുഗ്രഹവും ഔദാര്യവും അളവറ്റതുമാകുന്നു. ആർക്ക് എപ്പോഴൊക്കെ എന്തൊക്കെ നൽകണമെന്ന് അവന് നന്നായറിയുകയും ചെയ്യാം.

നിങ്ങൾ അവിവാഹിതരെ കല്യാണം കഴിപ്പിക്കുവിൻ എന്ന കൽപന മുസ്‌ലിം സമുദായത്തെ പൊതുവിൽ സംബോധന ചെയ്തുകൊണ്ടുള്ളതാണെങ്കിലും അത് ആദ്യം ബന്ധപ്പെടുന്നത് വിവാഹത്തിനു പാകമായ യുവതീയുവാക്കളുടെ ഉറ്റ ബന്ധുക്കളായ രക്ഷിതാക്കളുമായിട്ടാകുന്നു. പിതാക്കൾ, പ്രപിതാക്കൾ, പിതൃസഹോദരന്മാർ, നേർ സഹോദരന്മാർ തുടങ്ങിയവരാണ് രക്ഷാകർതൃത്വമുള്ള രക്തബന്ധുക്കൾ. സ്വതന്ത്രരായ പുരുഷന്മാർക്ക് രക്ഷിതാക്കളുടെ അറിവും സമ്മതവുമില്ലാതെയും വിവാഹിതരാകാം. സ്ത്രീകളുടെ കാര്യത്തിൽ രക്ഷിതാക്കളുടെ അറിവും സമ്മതവും കൈകാര്യകർതൃത്വവും നിർബന്ധമാണ്. രക്ഷിതാക്കളുടെ സമ്മതമില്ലാതെ സ്ത്രീ സ്വന്തം നിലയിൽ നടത്തുന്ന വിവാഹത്തിന് നിയമസാധുതയില്ല. ഇതാണ് ഹനഫീ മദ്ഹബ് ഒഴിച്ചുള്ള കർമശാസ്ത്രസരണികളുടെ നിലപാട്. 'രക്ഷിതാവ് (വലിയ്യ്) ഇല്ലാതെ നികാഹില്ല' എന്ന നബിവചനമാണ് അവരുടെ പ്രമാണം. ഹനഫികൾ ഈ പ്രസ്താവന രക്ഷിതാവില്ലാതെയുള്ള നികാഹിന്റെ സാധുതയെ നിഷേധിക്കുന്നതായി കാണുന്നില്ല. സ്ത്രീക്ക് അനുയോജ്യനായ വരനെ കണ്ടെത്താനും വിവാഹ ഉടമ്പടി ഉറപ്പിക്കാനും പുരുഷന്മാരായ രക്ഷിതാക്കളുടെ സഹായവും മേൽനോട്ടവും ആവശ്യമാകുന്നു എന്നേ അർഥമാക്കുന്നുള്ളൂ. രക്ഷിതാവിന്റെ അറിവും സമ്മതവുമില്ലാതെ സ്ത്രീ സ്വയം തന്നെ അനുയോജ്യനായ വരനെ കണ്ടെത്തി വിവാഹിതയായാൽ അതു സാധുവാകുന്നു. സ്ത്രീ തെരഞ്ഞെടുത്ത വരൻ അവൾക്ക് അനുയോജ്യനല്ലെന്ന് ബോധ്യപ്പെട്ടാൽ രക്ഷിതാവിന് ഇടപെടുകയും വിവാഹം ദുർബലപ്പെടുത്തുകയും ചെയ്യാം.

സ്ത്രീയുടെ സമ്മതമില്ലാതെ രക്ഷിതാവ് അവളെ കെട്ടിച്ചയക്കാൻ പാടില്ലെന്ന് പ്രബലമായ ഹദീസുകളിലൂടെ പ്രവാചകൻ (സ) വ്യക്തമാക്കിയിരിക്കുന്നു. സ്ത്രീ ദാമ്പത്യബന്ധത്തിന്റെ അനുഭവപരിചയമുള്ള വിധവയാണെങ്കിൽ അവളുടെ സമ്മതം വാക്കാൽ തന്നെ ലഭിച്ചിരിക്കണം. അഭിപ്രായം പറയാൻ അറിയാത്തതുകൊണ്ടോ നാണം കൊണ്ടോ മൗനം പാലിക്കുന്ന കന്യകയുടെ മൗനം സമ്മതമായി പരിഗണിക്കാം. പെൺകുട്ടിയുടെ സമ്മതമില്ലാതെ രക്ഷിതാവ് നടത്തുന്ന വിവാഹം നിലനിർത്താനും റദ്ദാക്കാനും അവൾക്ക് സ്വാതന്ത്ര്യമുണ്ട്. നിയമാനുസൃത രക്ഷിതാക്കളുടെ അഭാവം മൂലമോ ഉള്ള രക്ഷിതാക്കൾ മനഃപൂർവം തടസ്സം സൃഷ്ടിക്കുന്നതുകൊണ്ടോ വിവാഹം മുടങ്ങുന്നവർക്ക് തടസ്സം നീക്കിക്കിട്ടാൻ സർക്കാറിന്റെ സഹായം തേടാവുന്നതാണ്. സൂക്തത്തിലെ കൽപന കുടുംബപരമായ രക്ഷിതാക്കൾക്കു ശേഷം സമൂഹനേതൃത്വത്തോട്-സർക്കാറിനോടാണ് ബന്ധപ്പെടുന്നത്. സർക്കാർ എല്ലാ പൗരന്മാരുടെയും രക്ഷിതാവാണല്ലോ. വലിയ്യ് ഇല്ലാത്ത സ്ത്രീയുടെ വലിയ്യ് ഖാദി-കോടതി ആയിരിക്കും. കുടുംബ വലിയ്യ് അന്യായമായി വിവാഹം തടസ്സപ്പെടുത്തുമ്പോഴും കോടതിക്ക് വിലായത്ത്-രക്ഷാകർതൃത്വം ഏറ്റെടുക്കാം.

അത്തരമൊരു സർക്കാറും ഇല്ലാത്ത സാഹചര്യത്തിൽ അവിവാഹിതരായി കഴിയുന്നവർക്ക് ദാമ്പത്യജീവിതത്തി

ന് സൗകര്യം ചെയ്തുകൊടുക്കേണ്ടത് പൊതുസമൂഹത്തിന്റെ ഉത്തരവാദിത്തമാകുന്നു. സമൂഹത്തിലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങളും സേവന സ്ഥാപനങ്ങളും മഹല്ലു കമ്മിറ്റികളുമൊക്കെയാണ് അതു നിര്‍വഹിക്കേണ്ടത്. ഏതു സാഹചര്യത്തിലും വിവാഹയോഗ്യരായ സ്ത്രീപുരുഷന്മാര്‍ സമൂഹത്തില്‍ അവിവാഹിതരായി കഴിഞ്ഞുകൂടേണ്ടിവരുന്ന അവസ്ഥയുണ്ടായിക്കൂടാ.

വിവാഹവും കുടുംബജീവിതവുമൊക്കെ ഭൗതിക ജീവിതത്തിന്റെ മാലിന്യങ്ങളാണെന്നും സംസാരജീവിതത്തില്‍ നിന്നൊക്കെ മുക്തരായി ദൈവോപാസനയില്‍ നിരതരായി ഒറ്റപ്പെട്ടു കഴിയുന്നതാണ് വിശുദ്ധ ജീവിതമെന്നും കരുതുന്നവരുണ്ട്. ചില മതങ്ങള്‍ പുരോഹിതന്മാര്‍ക്കും സന്യാസി-സന്യാസിനികള്‍ക്കും വിവാഹം നിഷിദ്ധമാക്കിയിരിക്കുന്നു. ബ്രഹ്മചര്യത്തെയും വിരക്ത ജീവിതത്തെയും ഇസ്‌ലാം വിലക്കിയിരിക്കുകയാണ്. അതു മനുഷ്യപ്രകൃതിക്ക് ഇണങ്ങുന്നതല്ല. പുരോഹിതരും സന്യാസികളും നടത്തുന്ന ആത്മീയ കേന്ദ്രങ്ങളില്‍നിന്ന് ലൈംഗികാതിക്രമങ്ങളുടെയും അനാശാസ്യ നടപടികളുടെയും വാര്‍ത്തകള്‍ നിരന്തരം വന്നുകൊണ്ടിരിക്കുന്നത് അതിന്റെ തെളിവാകുന്നു. നൈസര്‍ഗികമായ ലൈംഗികാസക്തിയുടെ നിയമാനുസൃത വാള്‍വാണ് വിവാഹം. അത് വിലക്കപ്പെടുമ്പോള്‍ ഉള്ളില്‍ തിങ്ങിക്കൂടുന്ന ആസക്തി നിയമത്തിനതീതമായി അവിടവിടെ പൊട്ടിയൊലിക്കുകയും സമൂഹമാകെ ദുര്‍ഗന്ധപൂരിതമാവുകയും ചെയ്യുന്നു. നേരത്തേ സൂചിപ്പിച്ചപോലെ എല്ലാ മനുഷ്യരും ദൈവഭക്തരും ധാര്‍മിക-സദാചാരമൂല്യങ്ങള്‍ പാലിക്കുന്ന സച്ചരിതരും സംസ്‌കാര സമ്പന്നരുമാകണമെന്നാണ് ഇസ്‌ലാം ആഗ്രഹിക്കുന്നത്. അതനുശാസിച്ചിരിക്കുന്നത് എല്ലാ വിശ്വാസികള്‍ക്കും സഹ്യമാകുന്ന നിയമങ്ങളാണ്. പുരോഹിതന്മാര്‍ക്ക് ഒരു ശരീഅത്തും സന്യാസിനികള്‍ക്ക് വേറൊരു ശരീഅത്തും സാമാന്യജനങ്ങള്‍ക്ക് മറ്റൊരു ശരീഅത്തും ഇല്ല. ആത്മീയത, ഭൗതികത, ദാമ്പത്യം, കുടുംബം, സമ്പത്ത്, സമൂഹം, രാഷ്ട്രീയം തുടങ്ങി ജീവിതത്തിന്റെ സകലമാന വര്‍ണങ്ങളും കൈകാര്യം ചെയ്തുകൊണ്ടുതന്നെ ഒരു വിശ്വാസിക്ക് സുകൃതനും സംശുദ്ധനുമായ വിശ്വാസിയാകാന്‍ കഴിയും. എന്നല്ല, താന്‍ അഭിമുഖീകരിക്കുന്ന എല്ലാ ലൗകിക വ്യവഹാരങ്ങളിലും ദൈവപ്രോക്തമായ ധര്‍മവും നീതിയും പാലിച്ച് സത്യസന്ധമായി ഇടപെട്ടുകൊണ്ടുള്ള ജീവിതമാണ് ഇസ്‌ലാമികദൃഷ്ട്യാ വിശുദ്ധ ജീവിതം. അല്ലാതെ ജീവിതത്തിന്റെ മുഖ്യവര്‍ണങ്ങളൊന്നും തൊടാതെ, പരീക്ഷണങ്ങളൊന്നും നേരിടാന്‍ തയാറാവാതെ ആരാധനാലയങ്ങളുടെ മൂലയില്‍ ജപമാലയുമായി ഒറ്റപ്പെട്ടു കഴിയുന്നതല്ല. പ്രവാചകന്മാരെക്കുറിച്ച് ഖുര്‍ആന്‍ പറയുന്നു:

وَلَقَدْ أَرْسَلْنَا رُسُلًا مِنْ قَبْلِكَ وَجَعَلْنَا لَهُمْ أَزْوَاجًا وَذُرِّيَّةً

(പ്രവാചകാ, നിനക്കു മുമ്പ് നാം നിരവധി പ്രവാചകന്മാരെ നിയോഗിച്ചിട്ടുണ്ടായിരുന്നു. അവരെ നാം ഭാര്യമാരും മക്കളുമുള്ളവരാക്കുകയും ചെയ്തിരുന്നു-13:38). ഇസ്‌ലാമിക സങ്കല്‍പത്തില്‍ ആത്മീയ വിശുദ്ധിയുടെയും മഹത്വത്തിന്റെയും ഉച്ചകോടിയാണ് പ്രവാചകത്വം. യുവജനങ്ങളെ പ്രവാചകന്‍ (സ) ഉദ്‌ബോധിപ്പിക്കുന്നു:

يا معشر الشباب، من استطاع منكم الباءة فليتزوج فإنه أغض للبصر، وأحصن للفرج

(അല്ലയോ യുവാക്കളേ, നിങ്ങളില്‍ വിവാഹച്ചെലവിനു കഴിവുള്ളവരൊക്കെയും വിവാഹം ചെയ്യണം. നോട്ടം നിയന്ത്രിക്കാനും ലൈംഗികാവയവങ്ങള്‍ സംരക്ഷിക്കാനും അതാണേറ്റം ഉത്തമം-ബുഖാരി, മുസ്‌ലിം). ഒരു ശിഷ്യന്‍ പ്രവാചകനെ സമീപിച്ച് തന്റെ ഏകാന്ത ജീവിതത്തെക്കുറിച്ച് ആവലാതിപ്പെട്ടുകൊണ്ട് ഷണ്ഡത്വം വരിക്കാന്‍ അനുമതി തേടിയപ്പോള്‍ പ്രവാചകന്റെ പ്രതികരണം ഇതായിരുന്നു: 'ഷണ്ഡത്വം വരിക്കുന്നവന്‍ നമ്മുടെ കൂട്ടത്തില്‍ പെട്ടവനല്ല' (ത്വബറാനി). സന്യാസ ജീവിതം നയിക്കാന്‍ അനുമതി തേടിയ ഉസ്മാനുബ്‌നു മദ്ഊന്‍ എന്ന ശിഷ്യനെയും പ്രവാചകന്‍ വിലക്കുകയാണുണ്ടായത്. ഒരിക്കല്‍ ചില പ്രവാചകശിഷ്യന്മാര്‍ ഒരിക്കലും ഭാര്യയെ സമീപിക്കാതിരിക്കാനും രാത്രി മുഴുവന്‍ ഉറങ്ങാതെ നമസ്‌കരിക്കാനും കൊല്ലം മുഴുവന്‍ നോമ്പനുഷ്ഠിക്കാനും തീരുമാനിക്കുകയുണ്ടായി. വിവരമറിഞ്ഞ പ്രവാചകന്‍ പ്രസ്താവിച്ചു: 'നിങ്ങളില്‍ ഏറ്റം ദൈവഭക്തിയുള്ളവന്‍ ഞാനാണ്. ഞാന്‍ ഭാര്യയെ സമീപിക്കാറുണ്ട്. രാത്രി ഉറങ്ങുകയും എഴുന്നേറ്റു നമസ്‌കരിക്കുകയും ചെയ്യാറുണ്ട്. ചില ദിവസങ്ങളില്‍ നോമ്പെടുക്കുകയും ചില ദിവസങ്ങളില്‍ നോമ്പെടുക്കാതിരിക്കുകയും ചെയ്യാറുണ്ട്. അതാണ് എന്റെ ചര്യ. എന്റെ ചര്യ ഇഷ്ടപ്പെടാത്തവര്‍ എന്നില്‍പെട്ടവനല്ല' (ബുഖാരി, മുസ്‌ലിം). ■